ഓപ്പറേറ്ററെ നിയമിക്കുക, മെയിന്റനൻസ് നടത്തുക എന്നതൊക്കെ അവർക്ക് സാധ്യമല്ല എന്നുപറയുകയാണ്. ഗവൺമെന്റിന് എന്തുചെയ്യാൻ കഴിയും? ചെയ്യേണ്ടത് അവരാണെന്നു പറയുകയും അവർ എടുക്കണമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. എല്ലാ കോൺസ്റ്റിറ്റുവൻസികളിലും ഇത് വരുന്നതാണ്. അതുകൊണ്ട് എല്ലാ അംഗങ്ങളും ഇതിനോട് സഹകരിച്ചാൽ ഫലപ്രദമാക്കി നടത്തിക്കൊണ്ടു പോകുവാൻ കഴിയും.

ശ്രീ. ടി. പി. എം. സാഹിർ : കോഴിക്കോട് തീരപ്രദേശങ്ങളിൽ ചില സ്ഥലത്തു മാത്രമാണ് വെള്ളം കിട്ടുന്നത്. മറ്റു സ്ഥലങ്ങളിൽ വളരെ ഫീബിളായിട്ടു മാത്രമേ വെള്ളം കിട്ടുന്നുള്ളൂ. പമ്പിംഗ് സ്റ്റേഷൻസ് മുഴുവൻ തെക്കൻ മേഖലയിലാണ്. പള്ളിക്കണ്ടി, നൈനാൻവളവ്, മുഖദാർ മുതലായ പ്രദേശങ്ങളിൽ രാത്രി ക്യൂ നിന്നാണ് സ്ത്രീകൾ വെള്ളം എടുക്കുന്നത്. ചില ദിവസങ്ങളിൽ ഒന്നിടവിട്ട ദിവസങ്ങളിൽ മാത്രമാണ് വെള്ളം കിട്ടുന്നത്. രാവിലെ 4 മണിക്ക് പമ്പിംഗ് തുടങ്ങിയാൽ 7 മണിക്ക് വെള്ളം കിട്ടുമായിരുന്നു. അതുകൊണ്ട് പമ്പിംഗ് സ്റ്റേഷന്റെ ടൈമിംഗ് മാറ്റുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. ടി. എം. ജേക്കബ് : ടൈമിംഗ് മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കാം. ഷിഫ്റ്റ് സമ്പ്രദായമാണ്. ഒന്നിടവിട്ട ദിവസങ്ങളിലാണ് ഈ ഏരിയായിൽ വെള്ളം കൊടുത്തുകൊണ്ടിരിക്കുന്നത്. അതിന്റെ ആഗ്മെന്റേഷൻ പറഞ്ഞു. ജെ.ബി.ഐ.സി.-യിൽ അത് ആഗ്മെന്റ് ചെയ്യുന്നുണ്ട്. ഒന്നിടവിട്ട ദിവസങ്ങളിലാണ് പമ്പിംഗ് ചെയ്യുന്നത്, കോസ്റ്റൽ പ്രദേശങ്ങളിലേക്ക് നേരത്തേ വെള്ളം കിട്ടത്തക്ക നിലയിൽ എന്തു ക്രമീകരണം ചെയ്യാൻ കഴിയുമെന്നുള്ളത്.ആലോചിക്കുകയും അതിനുവേണ്ട നിർദ്ദേശം കൊടുക്കുകയും ചെയ്യാം.

(ചോദ്യോത്തര സമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആന്റി ബയോട്ടിക്കിന്റെ അംശം കാണപ്പെട്ടതുമൂലം ചെമ്മീൻ തിരസ്കരിച്ച സംഭവം

3 (*769) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എ. കെ. മണി :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ജോർജ് ജെ. മാത്യൂ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുനിന്നും കയറ്റി അയച്ച ചെമ്മീനിൽ ആന്റി ബയോട്ടിക്കിന്റെ അംശങ്ങൾ കണ്ടതുകൊണ്ട് അത് തിരിച്ചയച്ച സംഭവം ഉണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തു നിന്നുള്ള എത്ര എക്സ്പോർട്ടർമാർ കയറ്റി അയച്ച ചെമ്മീനിൽ ആന്റി ബയോട്ടിക്കിന്റെ അംശം കാണപ്പെട്ടു ;

(സി) ആന്റി ബയോട്ടിക്കിന്റെ അംശം കാണപ്പെട്ടതു മൂലം ചെമ്മീൻ തിരസ്കരിച്ചതിന്റെ ഫലമായി സംസ്ഥാനത്തുള്ള ചെമ്മീൻ കയറ്റുമതിക്കാർക്ക് എന്തു നഷ്ടമുണ്ടായിട്ടുണ്ട് ;

(ഡി) ഇതിനെത്തുടർന്ന് മീൻപിടിത്തക്കാർ കൊണ്ടു വരുന്ന ചെമ്മീനിൽ ആന്റി ബയോട്ടിക്കിന്റെ അംശം ഇല്ലെന്ന ഉറപ്പ് കൊടുത്തെങ്കിൽ മാത്രമേ കയറ്റുമതിക്കാർ ചെമ്മീൻ വാങ്ങുകയുള്ളു എന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ ;

(ഇ) ചെമ്മീനിൽ ആന്റി ബയോട്ടിക്കിന്റെ അംശം അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധന നടത്തുവാനുള്ള സംവിധാനം സംസ്ഥാനത്ത് ഏതെല്ലാം മീൻപിടിത്ത കേന്ദ്രങ്ങൾക്ക് ഉണ്ടെന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഉണ്ട്.

(ബി) മൂന്ന്.

(സി) നഷ്ടം നിസ്സാരമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

(ഡി) ചെമ്മീൻ കയറ്റുമതിക്കാർ ചെമ്മീൻ വാങ്ങുന്നത് നിർത്തിവച്ച അവസ്ഥ ഉണ്ടായിട്ടില്ല.

(ഇ) മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട്സ് ഡവലപ്മെന്റ് അതോറിറ്റിയുടെ മേൽനോട്ടത്തിൽ കൊച്ചിയിൽ ഇത്തരത്തിലുള്ള സുസജ്ജമായ ഒരു ലബോറട്ടറി സ്ഥാപിച്ചിട്ടുണ്ട്.

മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ നടപടി

4 (*770) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) ഇതിനായി ഏതെങ്കിലും ഏജൻസികളുടെ സഹായം തേടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ ;

(സി) ഈ നടപടികൾ മൂലം മത്സ്യ സമ്പത്തിലുണ്ടായ വർദ്ധനവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly